LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം

3 (3286) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃക്രമീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമസഭാ സാമാജികർക്ക് നിശ്ചിത എണ്ണം ബ്ലോക്ക് കേന്ദ്രീകരിച്ച് അവരുടെ പദ്ധതികളും ത്രിതല പഞ്ചായത്തിന്റെ പദ്ധതികളും ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നിലവിലുള്ള നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം ഒരു നിയോജകമണ്ഡലത്തിൽ ഒന്നോ അല്ലെങ്കിൽ രണ്ടോ എന്ന രീതിയിൽ പുനഃക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഈ വിഷയം വിശദമായി പഠിച്ച് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബ്ലോക്ക് പഞ്ചായത്തുകളുടെ എണ്ണം പുനഃക്രമീകരിച്ച് ഉത്തരവ് ഇറക്കുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കുവാൻ 13-3-2014-ലെ (സാധാ) 756/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.